## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 315 - 05.03.2012 - ൽ മറുപടിക്ക്**

**<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പാ തിരിച്ചടവ് മുടങ്ങിയ സംരംഭകർ</u>**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. റ്റി.യു. കുരുവിള** | | **ശ്രീ. കെ.എം. മാണി**<br>**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) | കെ.എഫ്.സി.യിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയ എത്ര സംരംഭകർ ജപ്തി നടപടി നേരിടുന്നു; | 30.1.2012-ലെ കണക്കു പ്രകാരം 67 യൂണിറ്റുകൾ SFC ACT മുഖാന്തിരമുള്ള Sec 29 നടപടിയാൽ ജപ്തി ചെയ്യപ്പെട്ടവയാണ്. 784 യൂണിറ്റുകൾ കേരളാ റവന്യൂ റിക്കവറി ആക്ട് മുഖേനയുള്ള നടപടികൾ നേരിടുന്നവയാണ്. |
| (ബി) | ജപ്തി നടപടികളിലൂടെ വീണ്ടെടുത്ത തുക കെ.എഫ്.സി.യുടെ നിയമ പ്രകാരം മുതലിലാണോ പലിശയിലേക്കാണോ ചേർക്കുന്നത്; | 01.04.2006 മുതൽ ജാമ്യ വസ്തു കെ.എഫ്.സി. മുഖാന്തിരമോ കേരളാ സർക്കാറിന്റെ റവന്യൂ റിക്കവറിയിലൂടെയുള്ള ലേല നടപടിയിലൂടെയോ വില്പന നടത്തിയിട്ടുണ്ടെങ്കിൽ ആ തുക മുതലിലേക്കും ബാക്കിയുണ്ടെങ്കിൽ പലിശയിലേക്കു-മാണ് ചേർക്കപ്പെടുന്നത്. അല്ലാതെയുള്ള കടക്കാരന്റെയോ ജാമ്യക്കാരുടെയോ തിരിച്ചടവുകൾ ആദ്യം പലിശയിലും ബാക്കിയുണ്ടെങ്കിൽ മുതലിലുമാണ് ചേർക്കപ്പെടുന്നത്. |
| (സി) | ജപ്തി നടപടിയിലൂടെ കെ.എഫ്.സി. വീണ്ടെടുത്ത തുക പലിശയിലേക്ക് എത്ര ലോണുകൾക്ക് ബാധകമാക്കിയിട്ടുണ്ട്: അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | 01.04.2006 വരെ ജപ്തിയുള്ള എല്ലാ ലോൺ കേസുകളിലും ജപ്തി നടപടികളിലൂടെ വീണ്ടെടുത്ത തുക പലിശയിലേക്കാണ് ആദ്യം ചേർക്കുന്നത്. അതിന്റെ എണ്ണവും പട്ടികയും പ്രത്യേകമായി തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ